# മീശ: അന്നഭൂമികയിലെ ചരിത്രവഴികൾ

ഡോ. രൺജിത്ത് സി.കെ.
അസി. പ്രൊഫസ്സർ ഓൺ കോൺട്രാക്റ്റ്, മലയാളകേരളപഠനവിഭാഗം,
കാലിക്കറ്റ് യൂണിവേഴ്സിറ്റി

**സംഗ്രഹം**

കേരളസംസ്കാരത്തെ കാർഷികമെന്ന് വ്യവഹരിക്കുന്ന പതിവ് അക്കാദമിക് വ്യവഹാരങ്ങളോടുള്ള കലഹമാണ് ഈ പ്രബന്ധം. എസ്. ഹരീഷിന്റെ മീശ എന്ന നോവലിനെ ആസ്പദമാക്കി കേരളത്തിന്റെ പ്രകൃതിവിഭവങ്ങളെ നിരീക്ഷിക്കുന്നതിനും അവക്ക് പിന്നിലെ ചരിത്രസന്ദർഭങ്ങളെ പഠനവിധേയമാക്കാനും പ്രബന്ധത്തിലൂടെ സാധിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിലും സംസ്കാരത്തിലും അവയുടെ സ്ഥാനം അടയാളപ്പെടുത്താനും കേരളസംസ്കാരത്തെ പുനർനിർണയിക്കാനും ഇതുവഴി സാധിക്കുന്നു

**താക്കോൽവാക്കുകൾ:** പെറുക്കൽ, കൃഷി, അന്നവിഭവങ്ങൾ.

ചരിത്രത്തെ ഗൂഢമായി സംവഹനം ചെയ്യുന്ന ആഖ്യാനരൂപങ്ങളാണ് ഏതൊരു സാഹിത്യകൃതിയും. ഭാഷയിലെ ദീർഘങ്ങളായ ആഖ്യാനരൂപങ്ങളിൽ പ്രബലമായതെന്ന നിലയിൽ നിശ്ചിതദേശത്തെക്കുറിച്ചുള്ള വിശാലമായ ചിത്രീകരണങ്ങൾക്ക് നോവലോളം സൗകര്യപ്രദമായ സാഹിത്യരൂപങ്ങൾ വേറെയില്ല. മലയാളത്തിലെ ലക്ഷണമൊത്ത പ്രഥമനോവലിൽനിന്നുമുള്ള സഞ്ചാരത്തിന് നൂറ്റിമുപ്പത് വർഷം പൂർത്തിയാവുകയാണ്. ദേശത്തിന്റെ അതിരുകളെ ലംഘിച്ച് മലയാളനോവൽ വളരുകയാണ്. ഈയൊരു സന്ദർഭത്തിലാണ് ഏറെ ചർച്ച ചെയ്യപ്പെട്ട എസ്.ഹരീഷിന്റെ മീശ ആസ്പദമാക്കി നോവലാഖ്യാനത്തിന്റെ ഭാഗമാകുന്ന പരിസ്ഥിതിയെയും വിഭവചരിത്രത്തെയും അന്വേഷണവിധേയമാക്കുന്നത്. കേരളചരിത്രത്തെക്കുറിച്ചുള്ള ആഖ്യാനങ്ങൾ

നിരവധിയുണ്ടെങ്കിലും അന്നചരിത്രത്തെ വസ്തുനിഷ്ഠമായി പഠനവിധേയമാക്കാൻ അവയൊന്നും തന്നെ ശ്രമിച്ചതായി കാണുന്നില്ല. കേരളചരിത്രരചയിതാക്കൾ മലയാളിയുടെ പ്രധാനാഹാരമായി നെല്ലരിയെയാണ് പ്രസ്താവിക്കുന്നത്. കെ.പി പത്മനാഭമേനോൻ, രാഘവവാര്യർ, രാജൻഗുരുക്കൾ, പി. ഭാസ്കരനുണ്ണി, എം.വി വിഷ്ണുനമ്പൂതിരി തുടങ്ങിയവരെല്ലാംതന്നെ ഇതിന് ഉദാഹരണമാണ്. ന്യൂനപക്ഷം വരുന്ന വരേണ്യസമൂഹത്തിന്റെ അന്നസംസ്കാരത്തെ സാമാന്യവത്കരിച്ചുകൊണ്ട് പൊതുസിദ്ധാന്തം ആവിഷ്കരിക്കുകയായിരുന്നു കേരളചരിത്രകാരൻമാർ. കേരളീയം എന്നും കേരളസംസ്കാരമെന്നുമെല്ലാം നാം അടയാളപ്പെടുത്തുന്ന പലതുംപോലെ കേരളത്തിന്റെ അന്നചരിത്രത്തെക്കുറിച്ചുള്ള ധാരണകളിലും വരേണ്യഭാവനകൾ ഏറിയിട്ടുണ്ട്. നെൽക്കൃഷിയും അരിയാഹാരവുമായിരുന്നു കേരളത്തിന്റെ അന്നചരിത്രത്തിന്റെ അടിസ്ഥാനമെന്ന വികലധാരണയെ അപനിർമിക്കുന്ന തെളിവുകളിലേക്ക് വിശദമായ പഠനങ്ങൾ എത്തിച്ചേർന്നേക്കാം. കുട്ടനാടിന്റെ പശ്ചാത്തലത്തിൽ മീശയെന്ന വിളിപ്പേരിലറിയപ്പെടുന്ന, പവിയന്റെ മകൻ വാവച്ചന്റെ കഥപറയുന്ന നോവലാണ് മീശ. പ്രസ്തുത നോവലിനെ അടിസ്ഥാനമാക്കി കേരളത്തിലെ അടിസ്ഥാന ജനവിഭാഗത്തിന്റെ അതിജീവനമാർഗങ്ങളെ അന്വേഷിക്കുകയാണ് ഇവിടെ ലക്ഷ്യമാക്കുന്നത്. ക്ഷേത്രകേന്ദ്രിതസമ്പദ് വ്യവസ്ഥയും, ജാതിവിവേചനങ്ങളും രൂപപ്പെട്ട കാലംമുതൽ വരേണ്യജനതക്ക് കീഴിൽ സമ്പത്ത്, കായികാധ്വാനം എന്നീ രണ്ട് നിലകളിലും ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരുന്ന ഭൂരിപക്ഷജനതയുടെ ചരിത്രത്തിലേക്ക് വിരൽചൂണ്ടാൻ ഇതുവഴി സാധിച്ചേക്കാം.

പ്രത്യക്ഷത്തിൽ മീശയെന്ന കഥാപാത്രത്തിന്റെ സഞ്ചാരങ്ങൾ നോവലിൽ നിറയുമ്പോഴും കേരളത്തിലെ അടിസ്ഥാനജനതയുടെ അന്നസംസ്കാരത്തെ ആഖ്യാനത്തിലേക്ക് സ്വാംശീകരിക്കുകയാണ് നോവലിസ്റ്റ്. കേരളത്തിന്റെ പരിസ്ഥിതിയും അതിനകത്തെ വിഭവവൈവിധ്യങ്ങളെയും നോവലിൽ കണ്ടെടുക്കാവുന്നതാണ്. നോവലിലെ കഥാപാത്രങ്ങളുടെ ജീവിതപരിസരം കേരളത്തിന്റെ വിഭവചരിത്രത്തെയും അന്നസംസ്കാരത്തെയും വസ്തുനിഷ്ഠമായി പ്രതിഫലിപ്പിക്കുന്നുണ്ട്. ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ സ്വകാര്യമായ ചില അന്വേഷണങ്ങളിലേക്ക് കടന്ന് അതിരിടങ്ങൾ കവച്ചുവെച്ച് യാത്രചെയ്യുന്ന മീശയെക്കുറിച്ച് കുട്ടനാട്ടുകാർക്കിടയിൽ കഥകൾ പെരുകുന്നുണ്ട്. നാട്ടിൽ നടക്കുന്ന മുഴുവൻ അക്രമങ്ങൾക്കും കാരണം മീശയാണെന്ന് കരുതി അധികാരികളും നാട്ടുകാരും അയാളെ അന്വേഷിച്ചിറങ്ങുന്നുണ്ട്.

ആർക്കും പിടികൊടുക്കാത്ത അകലത്തിൽ വന്നുപോകുന്ന മീശയുടെ സഞ്ചാരങ്ങൾക്ക് സമാന്തരമായാണ് കേരളത്തിന്റെ വിഭവപ്രകൃതിയെ നോവലിസ്റ്റ് ആഖ്യാനത്തിലേക്ക് ചേർത്തുവെക്കുന്നത്.

## മീശയിലെ വിഭവപ്രകൃതി

വ്യത്യസ്തങ്ങളായ ഭൂപ്രദേശങ്ങളുടെ വിശാലമായ ആഖ്യാനത്തെ തുറന്നുവെക്കുന്നതിലൂടെ കേരളത്തിന്റെ സവിശേഷമായ പ്രകൃതിയുടെ വിഭവസമ്പന്നതയെക്കുറിച്ചുള്ള അന്വേഷണത്തിന് നോവൽ വഴിയൊരുക്കുന്നു. ഇടനാടിന്റെയും തീരപ്രദേശത്തിന്റെയും സമൃദ്ധമായ ചിത്രമാണ് നോവലിൽ കാണുന്നത്. നോവലിലെ ഭൂമേഖലകളെ പറമ്പ്-പുരയിടമേഖല, ജലമേഖല എന്നിങ്ങനെ രണ്ടായി തിരിക്കാവുന്നതാണ്. ഉല്പാദിപ്പിച്ച് വിളവെടുക്കുക എന്നതിനേക്കാൾ വിഭവങ്ങൾ പെറുക്കിയെടുക്കുകയെന്ന രീതിശാസ്ത്രത്തെയാണ് കഥാപാത്രങ്ങൾ പിന്തുടരുന്നത്.

## പെറുക്കൽ

ആഹരിക്കാനായി സ്വാഭാവികപ്രകൃതിയിൽനിന്നും അന്നവിഭവങ്ങൾ സ്വായത്തമാക്കുന്നതിനെ പെറുക്കൽ എന്നുപറയുന്നു. പെറുക്കലിന്റെ ചരിത്രമെന്നത് മാനവചരിത്രത്തോളം പഴക്കമുള്ളതുതന്നെ. മനുഷ്യവംശത്തിന്റെ ആരംഭം മുതൽ കാർഷികവിദ്യക്ക് തുടക്കമിട്ട നവീനശിലായുഗം വരെ വിവിധഘട്ടങ്ങളെ നാം പിന്നിട്ടത് പെറുക്കലിലൂടെയാണ്. ആസൂത്രിതമായ കൃഷിയുടെ രൂപപ്പെടലിനുശേഷം ഇന്നും സമ്പൂർണമായ പെറുക്കലിലൂടെ ജീവിക്കുന്ന വിഭിന്നസമൂഹങ്ങൾ ലോകത്തിന്റെ പലയിടങ്ങളിൽ നിലകൊള്ളുന്നുണ്ട്. വിശപ്പ് എന്ന സ്വാഭാവിക ജൈവപ്രക്രിയയുടെ പരിഹാരമായിരുന്നു പെറുക്കലിനെ നിർണ്ണയിച്ചത്. നവീനശിലായുഗാനന്തരമുള്ള കാലത്തെ മാറ്റിനിർത്തിയാൽ ഇരുപതുലക്ഷം വർഷത്തോളം നീണ്ട ചരിത്രമാണ് പെറുക്കലിന്റേത് എന്ന് റിച്ചാർഡ് ബി.ലീ പറയുന്നു. മനുഷ്യചരിത്രത്തെ രൂപപ്പെടുത്തിയതിൽ പെറുക്കലിന് മുഖ്യപങ്കുണ്ട്.

തന്റെ പരിസരങ്ങളിൽ ലഭ്യമായിട്ടുള്ള വിഭവങ്ങൾ കണ്ടെത്തി ആഹരിക്കുകയെന്നതാണ് പെറുക്കലിന്റെ രീതി. സ്വത്തിന്റെ മുതലാളിത്തപൂർവ്വരൂപങ്ങളിലെ ഒന്നാംഘട്ടമായാണ് മാർക്സും ഏംഗൽസും പെറുക്കൽസംസ്കാരത്തെ കാണുന്നത്. വിഭവസമൃദ്ധമായ പ്രകൃതി ആരുടേയും സ്വന്തമായിരുന്നില്ല. ഭൂമിയുടെ മുകളിൽ സ്വന്തമെന്ന ബോധം രൂപപ്പെട്ടിട്ടുണ്ടാവുക പിൽക്കാലങ്ങളിൽ സ്ഥിരവാസവും കേന്ദ്രീകൃതകൃഷിയും ആരംഭിച്ചതോടെയാണ്.

നിശ്ചിതമായ മേഖലയിലെ വിഭവങ്ങൾ ശൂന്യമാകുന്നതോടെ മനുഷ്യർ പുതിയ മേഖലകൾ തേടി സഞ്ചരിക്കാൻ തയ്യാറാകുന്നു. മണ്ണിനുമുകളിൽ വിളയുന്ന വയെ പിന്തുടർന്ന് മണ്ണിനകത്ത് വളരുന്നവയേയും തിരിച്ചറിഞ്ഞതോടെ പെറുക്കലിന്റെ രീതിയിലും മാറ്റം സംഭവിച്ചു. സ്ത്രീകളും പുരുഷൻമാരും കുട്ടിക ളുമെല്ലാം കൂട്ടായ്മയോടെ നടത്തിയ അധ്വാനമായിരുന്നു പെറുക്കൽ. അവിടെ ലിംഗപരമായ മേധാവിത്വം രൂപപ്പെട്ടിരുന്നില്ല. മരത്തിലോ വള്ളികളിലോ ചെറുചെടികളിലോ വിളയുന്നവ, കായ്ച്ച് പഴുക്കുന്നവ, മണ്ണിനടിയിൽ മുളയ്ക്കു ന്നവ, എന്നിങ്ങനെ വിവിധ വിഭവരൂപങ്ങളെ അവർ തിരിച്ചറിഞ്ഞു. കൃഷിയുടെ ആരംഭത്തിനും മുന്നേതന്നെ അനുകൂലമായ വിഭവങ്ങളെ അന്നരൂപമെന്ന നിലയിൽ മനുഷ്യൻ പെറുക്കിയെടുത്തു. കേരളത്തിന്റെ ഭൂപരിധിക്കകത്തും പെറുക്കലിന്റെ സാധ്യതകൾ വലിയതോതിൽത്തന്നെ നിലനിന്നിരുന്നു.

കേരളത്തിലെ പറമ്പ്-പുരയിടങ്ങൾ, വയൽ, ജലരൂപങ്ങൾ എന്നീ മേഖലകളിലെ വിഭവങ്ങളും അവയുടെ പെറുക്കൽസാധ്യതയും നോവലിലൂടെ വെളിപ്പെടുന്നുണ്ട്. കർക്കിടകത്തിലെ ഒരു രാത്രിയിൽ പത്തായവും അരിപ്പെ ട്ടിയുമുള്ളവരുടെ വീട്ടിൽ ഉരി നെല്ല് ചോദിക്കാനിറങ്ങി വെറും കൈയോടെ മടങ്ങുന്ന പവിയാൻ എന്ന കഥാപാത്രത്തെ നോവലിന്റെ ഒന്നാമധ്യായ ത്തിൽത്തന്നെ കാണാവുന്നതാണ്. അത്തരത്തിൽ വയറുനിറക്കാൻ നെല്ലരി കിട്ടാത്ത കീഴാളജനതയുടെ അതിജീവനസമരങ്ങളുടെ വിവരണം കൂടിയായി മീശ പരിണമിക്കുന്നു. നോവലിൽ ഒന്നാമതായിക്കാണുന്ന അന്നരൂപം മാങ്ങയാണ്. ഒന്നാമധ്യായത്തിലെ ആദ്യഖണ്ഡികയിൽത്തന്നെ കേരളത്തിലെ പറമ്പുകളിൽ സാധാരണമായിരുന്നതും, ഫലസമൃദ്ധവുമായ മാവിനെ ക്കുറിച്ചും മാങ്ങയെക്കുറിച്ചുമുള്ള പരാമർശമുണ്ട്. മകരം കുംഭമാസങ്ങളിൽ എന്നും അതിരാവിലെ കിഴക്കോട്ട് നടന്ന് വാണിയൻമാരുടെ വീടിനടുത്തുള്ള മാഞ്ചോട് വരെയെത്തുന്ന പതിവുണ്ടയാൾക്ക്. മാഞ്ചോട്ടിൽ ഈനാംപേച്ചി കൾ കൂട്ടിവെക്കുന്ന മാമ്പഴം പെറുക്കിയെടുക്കേണ്ട പണിയെ അയാൾക്കുണ്ടാ കാറുള്ളൂ (ഹരീഷ്, എസ്., മീശ, 2018, പു. 1). വിശപ്പടക്കാൻ അന്നംതേടിയാണ് പവിയാൻ മാഞ്ചോട്ടിലേക്കെത്തുന്നത്. അവിടെ രാത്രിയിൽ ഈനാംപേച്ചി കളാണ് അയാൾക്കാവശ്യമായ മാങ്ങകൾ കൂട്ടിവെക്കുന്നത്. പ്രകൃതിയിൽ നിന്നും അപരമായല്ല, പ്രകൃതിയിലേക്ക് ഉൾച്ചേർന്ന സ്വത്വപൂർണതയാണ് പവിയാനിൽ കാണുന്നത്. മാഞ്ചോട്ടിലെ ഈനാംപേച്ചികളോടെന്നപോലെ തോട്ടിലെ ഭയങ്കരനായ വരാലിനോടും അയാൾ സംസാരിക്കുന്നു. ജൈവബ ന്ധത്തിന്റെ മൂർദ്ധന്യതയിൽ പ്രകൃതിയിലെ മറ്റേതൊരു ജീവിയേയുംപോലെ

തനിക്കാവശ്യമായവ പെറുക്കിയടുത്ത് ഓടുകയായണയാൾ.

മറ്റൊരവസരത്തിൽ വാർദ്ധക്യകാലത്ത് കാളിച്ചോവത്തിയെ കാണാൻ ചെന്ന ചെല്ലക്ക് അവർ മാങ്ങാണ്ടിയപ്പമാണ് കൊടുക്കുന്നത്:

> "ചെല്ലക്ക് കൊടുക്കാൻ ഒന്നുമില്ലാഞ്ഞിട്ട് അവർ അകത്ത് പോയി. മാങ്ങാണ്ടിയപ്പത്തിന്റെ ഒരു മുറി കൊണ്ടുവന്നു. അണ്ണാനെപ്പോലെ മാങ്ങാണ്ടി സൂക്ഷിക്കുന്ന പതിവുണ്ടായിരുന്നു കാളിച്ചോവത്തിക്ക്. പിള്ളേർ വിശന്ന് വല്ലാതെ കരയുമ്പോൾ അതുപൊട്ടിച്ച് കുരുവെടുത്ത് അരച്ച് വെള്ളമൂറ്റി കട്ട് കളയും. ചട്ടിയിൽപ്പരത്തി ചുട്ടെടുത്താൽ തിന്നാൻകൊള്ളാം" (ഹരീഷ്, എസ്., മീശ, 2018, പു.159).

ഉൽപാദനത്തേക്കാൾ വിഭവശേഖരണത്തിന്റെ സാധ്യതകളാണ് നോവലിൽ കാണിച്ചുതരുന്നത്. ഈനാംപേച്ചികൾ ഉരുട്ടിക്കൂട്ടിവെക്കുന്ന മാങ്ങകൾ പെറുക്കുന്ന പവിയാനും അണ്ണാനെപ്പോലെ മാങ്ങാണ്ടി സൂക്ഷിക്കുന്ന കാളിച്ചോവത്തിയും വിഭവശേഖരണത്തിന്റെ പ്രായോഗികതലത്തെ വിദഗ്ദമായി ഉപയോഗപ്പെടുത്തുന്നവരാണ്.

മാങ്ങപോലെ തന്നെ കേരളീയരുടെ പ്രധാനപ്പെട്ട വിഭവമായിരുന്നു ചക്കയും. കേരളചരിത്രത്തിൽ ഏറെ കാലപ്പഴക്കമുള്ളതും അന്നരൂപമെന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നതുമായ വിഭവമാണത്. മണിയന്തുരുത്തിൽ നാടകം കളിക്കാനെത്തുന്നവർ വൈകുന്നേരങ്ങളിൽ ചോദിക്കാനാരുമില്ലാത്ത പറമ്പുകളിൽ കാണുന്ന പ്ലാവുകളിലെ ചക്കയിട്ട് കുറുമുള്ള് മാത്രം ചെത്തിക്കളഞ്ഞ് തേങ്ങപോലും ചേർക്കാതെയാണ് കഴിക്കുന്നത് (മീശ, 2018, പു. 43). നാടകം കളിക്കാനെത്തിയ സംഘം ദാരിദ്ര്യത്തിനിടയിൽ ചക്കയിലാണ് അഭയം തേടുന്നത്. ഉടമസ്ഥരാരെന്ന് അന്വേഷിക്കാതെ അതിരുകളില്ലാത്ത പറമ്പുകളിലൂടെ നടന്ന് വിശപ്പിന് പരിഹാരം തേടുകയായിരുന്നു അവർ. അസഹ്യമായ വിശപ്പിന് മുന്നിൽ അന്നത്തെക്കുറിച്ചുള്ള പ്രാർത്ഥനകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ദാരിദ്ര്യത്തിനിടയിലെന്നപോലെ വരേണ്യതയിലും ചക്ക അടയാളപ്പെടുന്നുണ്ട്. കല്യാണസദ്യക്ക് തോരനുണ്ടാക്കാനായി മൂപ്പെത്താത്ത ചക്ക പൊടിയായി കൊത്തിയരിയുന്ന ഭക്ഷണക്കൊതിയനായ കഥാപാത്രത്തെ നോവലിൽ കാണാം.

ഭയത്തിന്റെയും പട്ടിണിയുടെയും നാളുകളിൽ നാടിന്റെ വിശപ്പ് പരിഹരിച്ചതിൽ പ്രധാനമായി നിലകൊണ്ട മറ്റൊരുവിഭവം കിഴങ്ങുവിളകളായിരുന്നു. നാടകക്യാമ്പ് കഴിഞ്ഞതോടെ നേരത്തിന് ആഹാരംകിട്ടാതെ വിഷമിക്കുന്ന വാവച്ചൻ (മീശ) പശിയകറ്റാൻ അഞ്ചാറുമൂട് കപ്പയുള്ള സമീപത്തെ പറമ്പിൽ ഇഴഞ്ഞുചെല്ലുന്നുണ്ട്. എന്നാൽ ആകാശത്തേക്ക് ഇരുകൈകളുമുയർത്തിനിന്ന

കപ്പക്കോലുകളുടെ വേരുകൾപോലും മനുഷ്യരോ എലിയോ മാന്തിത്തിന്നുക ഴിഞ്ഞിരുന്നു. ഒടുവിൽ വിറകുപെറുക്കാൻ പറമ്പിലിറങ്ങിയ ചെല്ലക്ക് കിട്ടിയ നനകിഴങ്ങാണ് അയാൾക്ക് അന്നമാകുന്നത്.

തലേന്ന് തിളപ്പിച്ച ഉണക്കക്കപ്പ പിറ്റേന്നുകാലത്ത് കാന്താരിയും ചേർത്ത് കഴിക്കുന്ന ലൂക്കാമാപ്പിള എന്ന കഥാപാത്രത്തെയും നോവലിൽ കാണാം. നെല്ലൊഴിഞ്ഞാലും അയാളുടെ പത്തായത്തിൽ ഉണക്കക്കപ്പ ഒഴിയാറില്ല. വാട്ടാതെ ഉണക്കിയ വെള്ളുകപ്പ ഉരലിൽ പൊടിച്ച് പലഹാ രമാക്കിയും വാട്ടുകപ്പ തികത്തിയുമാണ് മാപ്പിളയും പെമ്പിളയും പിള്ളേരും മഴക്കാലം കഴിക്കുന്നത്.

വയസ്സേറെയായിട്ടും വീടിന് പിന്നിലെ മരോട്ടിച്ചുവട്ടിലിരുന്ന് അതിൽ പടർന്നുകയറിയ കാച്ചിലിന്റെ ചുവട് ഒരു ചുള്ളിക്കമ്പുകൊണ്ട് മാന്തിനോക്കുന്ന ശീലക്കാരിയാണ് കാളിച്ചോവത്തി. എന്റെ തള്ളേ ദിവസോം മാന്തിനോക്കിയാ കാച്ചില് മുളക്കില്ല എന്ന് മകൻ അവരെ ഗുണദോഷിക്കുന്നുണ്ട്. മലയാളിയുടെ ആഹാരത്തിൽ മണ്ണിനുമീതെ വിളയുന്നവയോളമോ അതിലേറെയോ പ്രാധാ ന്യമുണ്ടായിരുന്നു മണ്ണിനടിയിലെ കിഴങ്ങുവർഗങ്ങൾക്ക്. കാലങ്ങളായി ചെയ്തു പോന്ന ആ ഒരു പ്രവൃത്തിയുടെ തുടർച്ച മാത്രമാണ് ഇന്നും കണ്ണിമുറിയാതെ കാളിച്ചോവത്തി ചെയ്യുന്നത്. അരിയാഹാരം അന്യമായിരുന്ന ഭൂരിപക്ഷം ജനതയുടെ അതിജീവനവഴിയിൽ വിവിധങ്ങളായ കിഴങ്ങുവർഗങ്ങൾ എങ്ങി നെയെല്ലാം അടയാളപ്പെട്ടിരുന്നുവെന്ന് നോവൽ വ്യക്തമാക്കുന്നു.

കേരളത്തിന്റെ സ്വാഭാവികപ്രകൃതി പ്രാദേശികജനതയുടെ അന്നസം സ്കാരത്തെ നിർണയിക്കുന്നതിൽ പ്രധാനഘടകമാണെന്ന് ആഖ്യാതാവ് ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. ഹരിതാഭവും വന്യവുമായ കേരളത്തിന്റെ പ്ര കൃതിയുടെ സാധ്യതകളെയാണ് നോവലിസ്റ്റ് വെളിപ്പെടുത്തിത്തരുന്നത്. പവിയാന്റെ ഭാര്യ ചെല്ലയുടെ പാചകത്തെക്കുറിച്ച് പറയുന്നിടത്തും വിഭവപ്ര കൃതി പ്രത്യക്ഷപ്പെടുന്നുണ്ട്. പറമ്പുകളിൽ ചെന്ന് വാഴമാണം മാന്തി മണ്ണും വേരും ചെത്തി കഴുകിയെടുത്ത് കണ്ടിച്ചുവേവിച്ച് ഉപ്പുതളിച്ചു. കൊഴുപ്പയുടേയും വയലപ്പൊറ്റ് വള്ളിയുടേയും കുമ്പിലയെടുത്ത് തോരനുണ്ടാക്കിയാണ് അവർ വീട്ടുകാർക്ക് വിളമ്പുന്നത്. മറ്റൊരു സാഹചര്യത്തിൽ പുരയും പുരയിടവും ശത്രുക്കൾ തകർത്തതോടെ വിശപ്പുമായി പായുന്ന വാവച്ചനെ ചിത്രീകരിക്കു ന്നിടത്ത് കഠിനമായ ദാരിദ്ര്യത്തെ തദ്ദേശവാസികൾ എങ്ങിനെ മറികടന്നു എന്നതിന്റെ വ്യക്തമായ ചിത്രം തരുന്നുണ്ട്. പവിയാൻ:

"കിഴക്കോട്ട് പറമ്പുകളിലേക്ക് പരക്കം പാഞ്ഞു. ചൊറിച്ചിലുള്ള വെളി

ഞ്ചേമ്പിന്റെ താളുകളും ഇലകളും പോലും അപ്രത്യക്ഷമായിരിക്കുന്നു. കപ്പയുടെ ഇളംവേരുകൾ പോരാഞ്ഞ് കുമ്പിലകളും മനുഷ്യർ തിന്നു തീർത്തിട്ടുണ്ട്. ചൊറിയണത്തിന്റെ ഇലകളും വാഴമാണവും മാങ്ങാ ണ്ടിയും വരെ രുചിയോടെ തിന്നുന്നു. പനമരങ്ങൾ പോലും വെട്ടിയിട്ട് അരിഞ്ഞ് ഇടിച്ചുപൊടിച്ച് പുളിപിഴിഞ്ഞ് വേവിച്ച് ആഹാരമാക്കുന്നു" (മീശ, 2018, പു.84).

ഒരു ദിവസം എങ്ങിനെ മുഴുമിപ്പിക്കുമെന്ന ഭയാശങ്കകളോടെ വിശപ്പ് അപരി ഹാര്യമായ പ്രതിബന്ധമായിത്തീർന്ന മുൻകാലങ്ങളിൽ തങ്ങളുടെ പ്രകൃതിയെ പൂർണമായ അളവിൽ തിരിച്ചറിയാനും വിനിയോഗിക്കാനും തദ്ദേശജനത തയ്യാറായിരുന്നുവെന്നതിന്റെ ചരിത്രബോധ്യത്തോടെയുള്ള ആഖ്യാനമാണ് നോവലിൽ പ്രകടമാകുന്നത്.

എരണ്ടകളെ പിടിക്കാനുള്ള ശ്രമമവസാനിപ്പിച്ച് മടങ്ങുന്ന വാവച്ചനെ ആകാശം മഴത്തുള്ളികളെറിഞ്ഞ് കൊല്ലാൻ ശ്രമിക്കുന്നുണ്ട്. മുട്ടാളൻമാരായ മഴത്തുള്ളികളിൽ നിന്നും രക്ഷപ്പെടാൻ ശ്രമിച്ച് പരാജയപ്പെടുന്ന വാവച്ചൻ കൈത്തോടിനക്കരെ ഒരു വെളുത്ത മറവ് കാണുന്നു. ഇടിമിന്നലുള്ള മഴക്കാ ലരാത്രികളിലെ കുണിടിയെത്തുടർന്ന് പറമ്പിൽ മുളച്ചുപൊന്തുന്ന വെളുത്ത പൂക്കളെ അയാൾ ഓർത്തു. മഴയിൽ നിന്നും രക്ഷ നേടാൻ അയാൾ കുണിന ടിയിലേക്ക് സ്വയം ചെറുതായിനിന്നു. തന്നെ ഉള്ളിലൊളിപ്പിച്ച് തലയുയർത്തി നിൽക്കുന്ന ആ കുണിനെക്കുറിച്ച് ചിന്തിക്കവേ അയാളുടെ ഓർമ്മകളിലേക്ക് ചെറുപ്പത്തിൽ മരിച്ചുപോയ സഹോദരി കടന്നെത്തുന്നു. ഒരുവേള അവളാണ് ഈ കുണായി പുനർജനിച്ചതെന്നുപോലും അയാൾ ചിന്തിക്കുന്നു. "സാധാരണ തരിശുകിടക്കുന്ന പറമ്പുകളിലും തെങ്ങിൻമൂട്ടകളിലും കയ്യാലപ്പൊഴുതുകളിലു മാണ് കുൺ കിളിർക്കുക. ഇടി മുഴങ്ങുന്നതിന് പിറ്റേന്ന് അതിരാവിലെതന്നെ കുട്ടൻപാളകളുമായി ചെല്ല കുൺ പറിക്കാൻ പോകാറുണ്ട്. അരിക്കുണും പാൽക്കുണും വെറുതെ വെള്ളം തളിച്ച് ഉപ്പിട്ട് വേവിച്ചാൽ മതി" (മീശ, 2018, പു. 135).

### വേട്ട

അചേതനമായ പ്രകൃതിവിഭവങ്ങളെന്നപോലെ ആഹരിക്കുന്നതിനായി ജീവനു ള്ളവയെയും പെറുക്കിയെടുക്കുക (വേട്ടയാടൽ) എന്നത് പ്രകൃതിയിലെ സാമാ ന്യസ്വഭാവമാണ്. കായ, കുരു, ധാന്യം, വേര്, ചെറുപ്രാണികൾ എന്നിവയോ ടൊപ്പം തന്നെ ചെറുതരം പക്ഷികളേയും മൃഗങ്ങളേയും മീനുകളേയും മനുഷ്യർ തങ്ങളുടെ പ്രകൃതിയിൽനിന്നും (വേട്ടയിലൂടെ) പെറുക്കിയെടുത്തിരുന്നു.

ആദ്യകാലങ്ങളിൽ പഴങ്ങളും കായ്കളും കഴിച്ചുശീലിച്ച മനുഷ്യൻ പിൽക്കാലത്ത് ജീവികളെ വേട്ടയാടാൻ തുടങ്ങി. കായ്കനികളുടെ അപര്യാപ്തതയിൽനിന്ന് വേട്ട സർവ്വസാധാരണമായി. പ്രകൃതിയിലെ ചെറുജീവികളെ വേട്ടയാടി ആഹരിച്ച ഒരു കാലം കേരളത്തിന് കേവലമായ ഭൂതകാലസ്മരണയല്ല. അപരിഷ്കൃതമായ ശിലായുഗത്തിൽനിന്നും ആധുനികമെന്ന് ഘോഷിക്കുന്ന വർത്തമാനകാലത്തിലേക്കും നീണ്ടുനിൽക്കുന്ന ജനിതകഘടനയുടെ അനുശീലനമാണത്. അതിജീവനമാർഗമെന്ന നിലയിൽ അബോധത്തിലെ ആ വേട്ടക്കാരൻ/ക്കാരി അനുകൂലസാഹചര്യങ്ങളിൽ ഉരുവപ്പെടുന്നു. നോവലിൽ വിവിധ സന്ദർഭങ്ങളിൽ അത് കാണുന്നുണ്ട്.

തോട്ടിൽ വെള്ളം വറ്റിയിടത്ത് നല്ല ഒന്നാന്തരം ചെമ്പല്ലികൾ നീന്തിക്കളിക്കുന്നത് കണ്ടുപിടിക്കാൻ പോയ ചോവന്റെ കഥ നോവലിന്റെ ആദ്യഭാഗത്ത് തന്നെയുണ്ട് (മീശ, പുറം. 19). വാവച്ചന്റെ അപരിഹാര്യമായ വിശപ്പുമായുള്ള സഞ്ചാരങ്ങൾക്കിടയിൽ, മുളകും മല്ലിയും ഇല്ലാത്തതുകൊണ്ട് കിട്ടുന്ന മീനും കക്കായും ഞവുണിക്കായും ഉപ്പ് മാത്രമിട്ട് പുഴുങ്ങിത്തിന്നുന്നതും കാണാം (മീശ, പുറം. 112, 169, 235).

### കേരളചരിത്രവും പെറുക്കലും

ഇരുപതാം നൂറ്റാണ്ടിലും കേരളത്തിലെ ഭൂരിഭാഗം ജനവിഭാഗങ്ങളും ഭൂരഹിതരും ജാതിവിവേചനങ്ങൾക്ക് വിധേയപ്പെട്ടവരുമായിരുന്നു. ജന്മസ്വത്ത് എന്നപേരിൽ ഭൂമിയുടെ കൈവശാധികാരം ഏറിയ അളവും നമ്പൂതിരിമാർക്കായിരുന്നതിനാൽ വയലിലെ പ്രധാന വിളവായ നെല്ല് അവരുടെ മുഖ്യാഹാരമായി മാറി. കേരളചരിത്രത്തിൽ ആസൂത്രിതമായി കൃഷിനടന്ന ഒരേയൊരിടം ഇവിടുത്തെ വയലേലകളായിരുന്നു. കാലാവസ്ഥാപരിജ്ഞാനം, മണ്ണൊരുക്കൽ, നടീൽ, ജലസേചനം, പരിപാലനം, വിളവെടുപ്പ്, വിത്തുസംഭരണം എന്നിങ്ങനെ കൃഷിയുടെ സാങ്കേതികഘട്ടങ്ങളിലൂടെ കൃത്യമായും കടന്നുപോയ പ്രക്രിയയാരുന്നു അത്. നമ്പൂതിരിമാരും അവരോട് ചേർന്നുനിന്ന നായർവിഭാഗവും മാത്രമാണ് പ്രധാന അന്നോല്പാദനമെന്ന നിലയിൽ നെൽകൃഷിയോട് ബന്ധപ്പെട്ടിട്ടുള്ളത്. ഭൂരിപക്ഷം വരുന്ന മറ്റവിഭാഗങ്ങൾ നെല്ലുമായി അധ്വാനതലത്തിൽ മാത്രമേ ബന്ധപ്പെട്ടിരുന്നുള്ളൂ. ഒരു പരിധിവരെ നായർ വിഭാഗം ഉൾപ്പെടെ ജാതിശ്രേണിയിലെ താഴേക്കുള്ള മറ്റെല്ലാ വിഭാഗങ്ങളും നെല്ല് എന്ന കാർഷികവിളയിൽനിന്നും അന്യവൽക്കരിക്കപ്പെട്ടവരായിരുന്നു. കേരളത്തിലെ വന്യമായ പ്രകൃതിയിലെ നൂറുകണക്കിന് വരുന്ന ഇലകൾ, പൂക്കൾ, കായ്കൾ, പഴങ്ങൾ, മീനുകൾ, മറ്റ് ജലജീവികൾ, വേട്ടമൃഗങ്ങൾ

എന്നിവയിലൂടെയെല്ലാം നിലനിന്ന മഹാഭ്രരിപക്ഷത്തിന്റെ ജീവനോപാധിയെ ന്നത് കൃഷിയായിരുന്നില്ല, പെറുക്കലായിരുന്നു. സാങ്കേതികമായി കൃഷിയെന്ന് വ്യവഹരിക്കാവുന്ന ഗണത്തിൽപ്പെടുന്ന വിഭവങ്ങളല്ല ഇവയൊന്നുംതന്നെ. അവയിൽച്ചിലതിലെല്ലാം കേവലമായ നടീൽ (വിത്തെറിയൽ) നടന്നിരിക്കാമെന്ന് മാത്രം. അതുകൊണ്ടുമാത്രം അവയെ കൃഷിയെന്ന് വ്യവഹരിക്കുക സാധ്യമല്ല. കേരളസംസ്കാരത്തെക്കുറിച്ചുള്ള ആലോചനകളിൽ ചരിത്രത്തിലെ ഈയൊരു വശത്തെക്കുറിച്ചുള്ള ചിന്തകൾ കൂടി ഉൾക്കൊള്ളിക്കേണ്ടതുണ്ട്.

## ആധാരസൂചി

1. അലക്സായെവ് വി.പി, മനുഷ്യ വംശത്തിന്റെ ഉല്പത്തി, പ്രോഗ്രസ്സ് പബ്ലിക്കേഷൻ, 1986
2. കാൾമാർക്സ്, ഇന്ത്യയെക്കുറിച്ച്, വിവ. സത്യദാസ് എൻ., ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2013
3. ജയൻ കെ.ആർ., പ്ലാവ്, മാതൃഭൂമി ബുക്സ് ,കോഴിക്കോട്, 2015.
4. ബാലകൃഷ്ണൻ പി.കെ., ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, ഡി.സി ബുക്സ്, കോട്ടയം, 2012.
5. ഹരീഷ് എസ്., മീശ, ഡി.സി. ബുക്സ്, കോട്ടയം, 2018.
6. Lee, Richard B., Devore, Irivin (Ed.), Man The Hunter, Aldine Publishing Company, Chicago, 1968.

*ranjithcknivas@gmail.com*